**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4912** **04-07-2024 - ൽ മറുപടിയ്ക്ക്**

**കൊല്ലം-ചെങ്കോട്ട റോഡ് വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം മുകേഷ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ് (പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | 2023-24-ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച കൊല്ലം-ചെങ്കോട്ട റോഡിന്റെ വികസനത്തിനായുള്ള ഇൻവെസ്റ്റിഗേഷനും വിശദമായ പദ്ധതിരേഖയും തയ്യാറാക്കുന്നതിനുള്ള നടപടികളുടെ പുരോഗമനം വിശദമാക്കുമോ; | (എ) | ബഡ്ജറ്റ് 2022-23 ൽ ഉൾപ്പെടുത്തി കൊല്ലം ചെങ്കോട്ട അങ്കമാലി മുതൽ കേശവദാസപുരം വരെയുള്ള നാലുവരിപ്പാത നിർമ്മാണ പദ്ധതികൾക്കായി 1500 കോടി രൂപയുടെ തത്വത്തിലുള്ള ഭരണാനുമതി നൽകിയിട്ടുണ്ട് കൊല്ലം ചെങ്കോട്ട പദ്ധതിയുടെ feasibility report പൊതുമരാമത്തു വകുപ്പിന്റെ, ഹൈവേ ഡിസൈൻ യൂണിറ്റ് തയ്യാറാക്കി നൽകിയിരുന്നു. ഈ പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച് 01.08.2023 തീയതിയിൽ PWD secretary യുടെ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ പ്രസ്തുത റോഡിൽ NHAI യുടെ പ്രോജക്ടുകൾ നടക്കുന്നതിനാൽ മറ്റു പ്രോജക്ടുകൾ താത്കാലികമായി നിർത്തി വയ്ക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത റോഡിന്റെ വികസനം ദേശീയപാത വികസന അതോറിറ്റിയുടെ പരിഗണനയിൽ ഉള്ളതിനാൽ സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച പദ്ധതിയുടെ തുടർ പ്രവർത്തനങ്ങൾ നിർത്തി വച്ചിട്ടുണ്ടോ; ദേശീയപാത വികസന അതോറിറ്റി ഈ റോഡിന്റെ വികസനത്തിനായുള്ള പ്രൊപ്പോസലിന്മേൽ തുടർ നടപടികൾ സ്വീകരിക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ബഡ്ജറ്റ് 2022-23 ൽ ഉൾപ്പെടുത്തി കൊല്ലം ചെങ്കോട്ട അങ്കമാലി മുതൽ കേശവദാസപുരം വരെയുള്ള നാലുവരിപ്പാത നിർമ്മാണ പദ്ധതികൾക്കായി 1500 കോടി രൂപയുടെ തത്വത്തിലുള്ള ഭരണാനുമതി നൽകിയിട്ടുണ്ട് കൊല്ലം ചെങ്കോട്ട പദ്ധതിയുടെ feasibility report പൊതുമരാമത്തു വകുപ്പിന്റെ, ഹൈവേ ഡിസൈൻ യൂണിറ്റ് തയ്യാറാക്കി നൽകിയിരുന്നു. ഈ പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച് 01.08.2023 തീയതിയിൽ PWD secretary യുടെ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ പ്രസ്തുത റോഡിൽ NHAI യുടെ പ്രോജക്ടുകൾ നടക്കുന്നതിനാൽ മറ്റു പ്രോജക്ടുകൾ താത്കാലികമായി നിർത്തി വയ്ക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. |
| (സി) | ഇക്കാര്യത്തിൽ ദേശീയപാത വികസന അതോറിറ്റിയിൽ നിന്നും വ്യക്തത വരുത്തുമോ; ഗതാഗത തിരക്കേറിയ പ്രസ്തുത റോഡിന്റെ | (സി) | **ദേശീയപാത 744 ന്റെ ഇടമൺ മുതൽ കൊല്ലം വരെയുള്ള ഭാഗത്ത് അടിയന്തര അറ്റകുറ്റപ്പണികൾക്കല്ലാതെ വികസനത്തിനായുള്ള യാതൊരു പദ്ധതിയും ഇപ്പോൾ നിലവിലില്ല എന്നാണ്** |

| | | | |
|---|---|---|---|
| | വികസനത്തിന് നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ? | | **NHAI അറിയിച്ചിരിക്കുന്നത്.ഇടമൺ മുതൽ കടമറ്റകോണം വരെ നിലവിലുള്ള ദേശീയപാതാ ഭാഗത്ത് ഇന്ത്യൻ റോഡ് കോൺഗ്രസ് അനുശാസിക്കുന്ന മാനദണ്ഡങ്ങളേക്കാൾ കുറഞ്ഞ അലൈൻമെന്റ് ആണ് നിലവിലുള്ളത്. ഈ ഭാഗത്ത് വാസസ്ഥലങ്ങളും വാണിജ്യ സ്ഥാപനങ്ങളും ഉയർന്നുവന്നത് ഭൂമി ഏറ്റെടുക്കുന്നതിന് വെല്ലുവിളിയുയർത്തുന്നു. അതിനാൽ IRC മാനദണ്ഡങ്ങൾ അനുസരിച്ചുള്ള ഒരു ഗ്രീൻ ഫീൽഡ് അലൈൻമെന്റ് ആണ് ഡി.പി.ആർ കൺസൽട്ടന്റ് മുന്നോട്ടുവച്ചിരിക്കുന്നത്.** |

സെക്ഷൻ ഓഫീസർ